"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ്- കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം- ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റേറിയം കെട്ടിടത്തിന്റെ ചോർച്ച പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് സാങ്കേതിക സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.1448/2025/HEDN തീയതി,തിരുവനന്തപുരം, 05-11-2025

---

പരാമർശം:- ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 24.10.2025-ൽ ചേർന്ന യോഗത്തിന്റെ തീരുമാനം.

**ഉത്തരവ്**

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റേറിയം കെട്ടിടത്തിന്റെ ചോർച്ച പരിഹരിച്ച് കെട്ടിടം പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ചുവടെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി സാങ്കേതിക സമിതി രൂപീകരിച്ച് ഉത്തരവാകുന്നു.

i. ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് -ചെയർമാൻ

ii. ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് കെട്ടിട വിഭാഗം

iii. വകുപ്പ് തലവൻ, സിവിൽ എഞ്ചിനീയറിംഗ് വിഭാഗം,
ഗവ. എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ

2) സാങ്കേതിക സമിതിക്ക് പരിശോധന നടത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ മ്യൂസിയം ഡയറക്ടർ ഏർപ്പെടുത്തേണ്ടതും ആവശ്യമായ രേഖകൾ കൈമാറേണ്ടതുമാണ്.

3) സാങ്കേതിക സമിതിയുടെ സ്ഥല പരിശോധന വേളയിൽ ചീഫ് ടെക്നിക്കൽ എക്സാമിനറേയും കെ.എസ്.എസ്.റ്റി.എം സാങ്കേതിക സമിതി അംഗങ്ങളേയും പങ്കെടുപ്പിക്കുന്നതിനുള്ള നടപടികൾ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

4) സമിതിയുടെ റിപ്പോർട്ട് **2025-നവംബർ 30-നകം** സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

HARILAL T N

ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്
2. ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് കെട്ടിട വിഭാഗം
3. ഡയറക്ടർ, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം, തിരുവനന്തപുരം
4. പ്രിൻസിപ്പാൾ, ഗവ. എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ
5. വകുപ്പ് തലവൻ, സിവിൽ എഞ്ചിനീയറിംഗ് വിഭാഗം, ഗവ. എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ
6. നോഡൽ ഓഫീസർ, വെബ് സൈറ്റ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്.
7. കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ഫയൽ നം. K2/85/2024/HEDN)

ഉത്തരവിൻ പ്രകാരം

Signed by
Sobha D
Date: 06-11-2025 10:48:51

സെക്ഷൻ ഓഫീസർ